**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5322** **15-03-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക വായ്പകൾക്ക് ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ തരിശുനിലങ്ങളിൽ ഉൾപ്പെടെ പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിന് നബാർഡിന്റെ സഹകരണത്തോടുകൂടി ഷെഡ്യൂൾഡ് ബാങ്കുകൾ വഴി കാർഷിക ലോണുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ തിരിച്ചടവ് വ്യവസ്ഥകളും പലിശ നിരക്കും വ്യക്തമാക്കുമോ; | (എ) | തരിശുനിലങ്ങൾ കൂട്ടായ്മയിൽ കൂടി ഏറ്റെടുത്ത് ജെ.എൻ.ജി (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) രൂപീകരിച്ചാണ് ഷെഡ്യൂൾഡ് ബാങ്കുകൾ വായ്പകൾ അനുവദിക്കുന്നത്. ഇത്തരം ലോണുകൾക്ക് കാർഷിക ലോണിന്റെ വ്യവസ്ഥകളും പലിശയുമാണ് ബാങ്ക് ബാധകമാക്കുക. |
| (ബി) | പ്രളയവും കോവിഡും മൂലം പ്രതിസന്ധി ഉണ്ടായതിനാൽ പ്രസ്തുത ലോണുകളു%ടെ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ 25 ശതമാനം തുക ഒറ്റ തവണ അടച്ച് ബാധ്യത തീർക്കുന്നതിന് കർഷകർക്ക് അവസരം നൽകുമോ; എങ്കിൽ വിശദമാക്കുമോ? | (ബി) | കാലാകാലങ്ങളിൽ ആർ.ബി.ഐ പുറപ്പെടുവിക്കുന്ന ഗൈഡ്‌ലൈൻ പ്രകാരവും ബാങ്കുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരവും മാത്രമേ തിരിച്ചടവ് മുടങ്ങിയ ലോണുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ സാദ്ധ്യമാകൂ. |

സെക്ഷൻ ഓഫീസർ